**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1500** **04-07-2022 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ ഭൂമി ഏറ്റെടുത്ത് പട്ടയം നൽകുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന തലപ്പിള്ളി താലൂക്കിലെ വടക്കേക്കളം എസ്റ്റേറ്റുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുത്ത് പട്ടയം നൽകുന്നതിനായി സ്വീകരിച്ച നടപടികളുടെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ? | (എ) | തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ വടക്കേക്കളം പ്ലാന്റേഷന്റെ 73.73ഏക്കർ ഭൂമി മിച്ചഭൂമിയായി ഏറ്റെടുക്കുന്നതിന് ഉത്തരവായിട്ടുള്ളതും പ്രസ്തുത ഭൂമിയിൽ നിന്ന് 63.73 ഏക്കർ ഭൂമി 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിലേക്കും, 13/09/2013-ലെ ജി.ഒ.(എം.എസ്) 396/2013/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം 10 ഏക്കർ ഭൂമി സഹകരണ എഞ്ചിനീയറിങ് കോളേജിന് വേണ്ടിയും കൈമാറി ഉത്തരവായിട്ടുള്ളതുമാണ്. എന്നാൽ ടി ഭൂമിയുമായി ബന്ധപ്പെട്ട് CRP(LR)44/2013, WP(C)12210/14 എന്നീ കേസുകൾ നിലനിൽക്കുന്നതിനാലും CRP(LR)44/2013 കേസിൽ കോടതി ഉത്തരവ് വന്ന ശേഷമേ ഭൂമി വിതരണം ചെയ്യാവൂ എന്ന നിർദ്ദേശമുള്ളതിനാലും, ഭൂമി പതിച്ച കൊടുക്കുവാൻ സാധിച്ചിട്ടില്ല. CRP(LR)44/2013 നമ്പർ കേസിൽ സ്റ്റേ നീക്കം ചെയ്യാനും, അന്തിമ തീരുമാനം ഉണ്ടാകുന്നതിനുമായി കേസിൽ Early Posting Petition ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ